8

## സമ്പത്ത്

നാം എല്ലാവരും ഒരുപോലെ സമ്പത്തുള്ളവരല്ല. നമ്മുടെ കൂട്ടത്തിൽ കൂടുതൽ ധനമുള്ളവരുണ്ട്. ദരിദ്രരുണ്ട്. രണ്ടിനുമിടയിലുള്ളവരും ഉണ്ട്.

നമ്മുടെ നിലനില്പിനായി ദൈവം തന്ന അനുഗ്രഹമാണ് സമ്പത്ത്. സമ്പത്ത് തന്നെ പലവിധമുണ്ട്. അതിൽ പ്രധാനമാണ് പണം. പണമാണ് ദൈനംദിന ജീവിത ഇടപാടുകളെ നിയന്ത്രിക്കുന്നത്.

സമ്പാദിക്കാനുള്ള ശീലം ചെറുപ്പത്തിൽ തന്നെ ഉണ്ടാക്കണം. സൂക്ഷിച്ചുവെച്ചോ സ്കൂളിലെ മറ്റു പദ്ധതികളിൽ ചേർന്നോ അത് വളർത്തിയെടുക്കണം.

പണം സമ്പാദിക്കുന്നതിലും ചെലവഴിക്കുന്നതിലും നാം സൂക്ഷിക്കണം. പണം കിട്ടാനല്ല എളുപ്പം, അത് തീരുവാനാണ്. തീരുവാനല്ല പ്രയാസം, അത് കിട്ടുവാനാണ്. അതിനാൽ പണം ചെലവഴിക്കുമ്പോൾ ഏറെ ശ്രദ്ധിക്കണം. ഒരിക്കലും ധൂർത്തടിക്കരുത്. അത് പൈശാചികസ്വഭാവമാണ്. നമ്മുടെ രക്ഷിതാക്കൾ കഷ്ടപ്പെട്ടാണ് പണം സമ്പാദിക്കുന്നത്. അതിനാൽ ആവശ്യങ്ങൾക്കു മാത്രമേ അവരോട് പണം ചോദിക്കാവൂ.

പണം കിട്ടുമ്പോൾ ദൈവത്തിന് നന്ദി പറയണം. പണമില്ലാത്തതിനാൽ ധാരാളം കൂട്ടുകാർ പഠിക്കാൻ കഴിയാത്തവരായുണ്ട്. അത്തരക്കാരെ നാം തീർച്ചയായും സഹായിക്കണം. പണം ഉണ്ടായാൽ അതിന്റെ പേരിൽ അഹങ്കരിക്കുകയും അരുത്. അത് ദൈവം പൊറുക്കാത്ത കാര്യമാണ്.

അനാവശ്യകാര്യങ്ങൾക്ക് ഒരിക്കലും പണം ചെലവഴിക്കരുത്. ചെലവഴിക്കേണ്ട സ്ഥലത്ത് പിശുക്കുകയും അരുത്. പണത്തിനോട് ഒരിക്കലും ആർത്തി കാണിക്കരുത്. അത് നല്ല സ്വഭാവമല്ല. ആർത്തി കൂടുകയും പണം കിട്ടാതെയാവുകയും ചെയ്യുമ്പോഴാണ് ആളുകൾ കളവ് നടത്തുന്നത്. പണം ആവശ്യമാകുമ്പോൾ അത് തുറന്നുപറഞ്ഞ് വീട്ടിൽനിന്ന് വാങ്ങുക. ചീത്ത മാർഗത്തിലൂടെ ഒരിക്കലും പണം സമ്പാദിക്കരുത്. ചീത്ത കാര്യങ്ങൾക്കുവേണ്ടി പണം ചെലവഴിക്കുകയും അരുത്.

പണം സൂക്ഷിച്ച് ചെലവഴിക്കുക. സമ്പാദിക്കുന്നത് നല്ല വഴിയിലൂടെയാവണം.